"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി - 2017-18 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനം - ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ഉൾപ്പെട്ട 50 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി നിർവഹണത്തിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ (SPV) കൈറ്റിനെ മാറ്റി വാപ് കോസ് ലിമിറ്റഡിനെ (WAPCOS LIMITED) നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

G.O.(Rt)No.171/2020/GEDN    തീയതി,തിരുവനന്തപുരം, 10/01/2020

---

പരാമർശം:- 1 07/11/2016ലെ സ.ഉ (അച്ചടി)നം.186/2016/പൊവിവ

2 20/05/2017ലെ സ.ഉ (സാധാ)നം.1456/2017/പൊവിവ

3 30/10/2017ലെ സ.ഉ (സാധാ)നം. 4004/2017/പൊവിവ

4 25/12/2017ലെ സ.ഉ(സാധാ)നം.5001/2017/പൊവിവ

5 29/12/2017ലെ സ.ഉ(സാധാ)നം.5050/2017/പൊവിവ

6 22/01/2018ലെ സ.ഉ(സാധാ)നം.363/2018/പൊവിവ

7 06/03/2018ലെ സ.ഉ(സാധാ)നം.363/2018/പൊവിവ

8 12/06/2019ലെ സ.ഉ (സാധാ)നം.977/2018/പൊവിവ

9 19/10/2019, 14/12/2019തിയതികളിൽ കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഒഫീസർ നൽകിയ കത്ത് നം. കൈറ്റ് ഇൻഫ്രാ/2019/1647('32')/1098 (2) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിനായി രൂപരേഖ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ മികവിന്റെ കേന്ദ്രങ്ങളായി അദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ പദ്ധതി നിർവഹണത്തിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) കൈറ്റിനെ (KITE) ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിന് തുടർച്ചയായി ഭൗതികസാഹചര്യ വികസനത്തിനുവേണ്ടിയുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ

ഉൾപ്പെടുത്തിയുള്ള സ്കൂളുകളുടെ പദ്ധതി നിർവഹണത്തിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായും കൈറ്റിനെ തന്നെ ചുമതലപ്പെടുത്തി പരാമർശം (3) പ്രകാരം ഉത്തരവ് നൽകിയിട്ടുള്ളതാണ്.

2) ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തുന്ന സ്കൂളുകളിൽ ശാസ്ത്രീയമായ മാസ്റ്റർപ്ലാനും, വിശദമായ പ്രോജക്റ്റ് റിപ്പോർട്ടും തയ്യാറാക്കിയിട്ടുള്ള സ്കൂളുകൾക്ക് പരാമർശം (4) മുതൽ (8) വരെ ഉത്തരവുകളിലായി സർക്കാർ ഭരണാനുമതി നൽകിയിരുന്നു.

3) നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്കൂളുകൾ ലഭിക്കുന്നതിലും പഴയകെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിലും ഉണ്ടാകുന്ന കാലതാമസം, ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളുടെ സങ്കീർണ്ണതകൾ,കിഫ്ബിയുടെ സാങ്കേതിക പ്രശ്നങ്ങൾ, മാനവവിഭവശേഷിയുടെ അപരാപ്തത തുടങ്ങിയ കാര്യങ്ങളാൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾ എസ്.പി.വിയെന്ന നിലയിൽ കൈറ്റിന് ഏറ്റെടുത്ത് നടത്താൻ കഴിയുന്നില്ലെന്നും, ആയതിനാൽ പരാമർശം (4) മുതൽ (8) വരെ ഉത്തരവുകളിലായി ഉൾപ്പെട്ട 50 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്.പി.വിയായി കൈറ്റിന് പകരം വാപ് കോസ് ലിമിറ്റഡിനെ ചുമതലപ്പെടുത്തണമെന്നാവശ്യപ്പെട്ട് സ്കൂളുകളുടെ പട്ടിക സഹിതം കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഒഫീസർ സർക്കാരിലേക്ക് കത്ത് നൽകി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ഉൾപ്പെട്ടതും, കൈറ്റ് ലഭ്യമാക്കി അനുബന്ധമായി ചേർത്തിരിക്കുന്ന 50 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പദ്ധതി നിർവഹണത്തിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ (SPV) കൈറ്റിനെ മാറ്റി വാപ് കോസ് ലിമിറ്റഡിനെ (WAPCOS LIMITED) താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി എസ്.പി.വിയായി നിയമിച്ച് ഉത്തരവാകുന്നു.

1. ഓരോ സ്കൂളിനും പ്രത്യേകം ലൊക്കേഷൻ പ്ലാനുകളും പദ്ധതി പ്രദേശത്തിന്റെ ഭൂപ്രകൃതിക്കനുസരിച്ച് ആകൃതിയിലും നിരപ്പിലുമുള്ള വ്യത്യാസവും മറ്റും വ്യക്തമാക്കുന്ന പദ്ധതി രൂപരേഖകളും തയ്യാറാക്കേണ്ടതാണ്.
2. സ്കൂൾ ഹെഡ് മാസ്റ്റർ, സ്കൂളിനടുത്ത് തന്നെ താമസിക്കുന്ന പ്രസ്തുത സ്കൂളിലെ ഒരു സ്റ്റാഫ് അംഗം, സ്കൂളിന്റെ ചുമതലയുള്ള അസിസ്റ്റൻറ് എഞ്ചിനീയർ, സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ജനപ്രതിനിധി, പി ടി എ പ്രതിനിധി എന്നിവരുമായി കൂടിയാലോചിച്ച് സ്കൂളിന്റെ പരിപാലനത്തിനാവശ്യമായ കാര്യങ്ങളുടെ മുൻഗണനാ ക്രമത്തിലുള്ള പട്ടിക തയ്യാറാക്കേണ്ടതാണ്.
3. പുതിയതായി ലഭ്യമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശങ്ങളും അവയുടെ സാധൂകരണവും അടങ്ങുന്ന ഒരു പട്ടികയും തയ്യാറാക്കേണ്ടതാണ്.

4. ഇതിനോടകം തന്നെ കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ള സ്കൂളുകൾ പരാമർശം (4) ഉത്തരവ് പ്രകാരം നൽകിയ ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.
5. മോശാവസ്ഥയിലുള്ള കെട്ടിടങ്ങൾ പൊളിച്ച് നീക്കേണ്ടതുണ്ടെങ്കിൽ കെട്ടിടത്തിന്റെ തൽസ്ഥിതിവ്യക്തമാക്കിക്കൊണ്ടുള്ള വിശദാംശങ്ങളും സാധുവായ സാക്ഷ്യപത്രവും ഉണ്ടായിരിക്കേണ്ടതാണ്.
6. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിന്റെയും മാസ്റ്റർ പ്ലാൻ അതാത് സ്കൂളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A. SHAJAHAN
SECRETARY

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ് / എ& ഇ) കേരള, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം
വാപ് കോസ് ലിമിറ്റഡ്,റീജിയണൽ ഓഫീസ് ,ജവഹർ നഗർ,കടവന്ത്ര,എറണാകുളം ,682020
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ധനകാര്യ വകുപ്പ്
ഐ&പിആർഡി (വെബ്& ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NAMITHA T
Date: 2020.01.15 11:17:16 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് –ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്

# അനുബന്ധം

| List of 50 Schools selected for Betterment of Infrastructure Facilities ( 3 cr category) | | | | | |
|---|---|---|---|---|---|
| SL No | Name of Schools | School Code | District | AS No. & Date | Sl No. in AS List |
| 1 | Ezhumattoor GHSS | 37054 | Pathanamthitta | GO(Rt)5001/2017/Ged, dated, 25/12/2017 | 31 |
| 2 | GHSS, Edamuri | 38009 | Pathanamthitta | GO(Rt)5050/2017/Gedn dated, 29/12/2017 | 3 |
| 3 | GHSS, Karakkurissi | 21082 | Palakkad | GO(Rt)977/2018/GEdn, dated, 06/03/2018 | 10 |
| 4 | GVHSS, Malampuzha | 21068 | Palakkad | | 20 |
| 5 | GHSS, Chalissery | 20001 | Palakkad | | 12 |
| 6 | GHSS, Koduvayur | 21019 | Palakkad | | 16 |
| 7 | GHSS, Rajakkad | 29043 | Idukki | GO(Rt)5050/2017/Gedn dated, 29/12/2017 | 14 |
| 8 | GVHSS Palarimangalam | 27037 | Ernakulam | GO(Rt)5001/2017/GEdn dated, 25/12/2017 | 34 |
| 9 | Mogral Puthur GHSS | 11028 | Kasargod | | 7 |
| 10 | GVHSS Kanhangad | 12006 | Kasargod | | 17 |
| 11 | GHSS, Adoor, Kasargod | 11030 | Kasargod | | 40 |
| 12 | DIET Attingal UP | 42366 | Thiurvananthapuram | GO(Rt)977/2018/GEdn, dated,06/03/2018 | 1 |
| 13 | GHSS, Navayikulam | 42034 | Thiurvananthapuram | | 14 |
| 14 | GVHSS, Kulathur | 44021 | Thiurvananthapuram | | 4 |
| 15 | GHSS, Kalanjoor | 38021 | Pathanamthitta | GO(Rt)5050/2017/GEdn dated,29/12/2017 | 7 |
| 16 | GHSS, Thottakkonam | 37004 | Pathanamthitta | GO(Rt)363/2018/GEdn, dated,22/01/2018 | 4 |
| 17 | GV & HSS, Vattiyoorkkav | 43038 | Thiurvananthapuram | GO(Rt)5001/2017/GEdn dated,25/12/2017 | 37 |
| 18 | Mithirmala GBHSS | 42026 | Thiurvananthapuram | | 8 |
| 19 | GHSS Njekkad | 42035 | Thiurvananthapuram | | 18 |
| 20 | GHSS, Palayamkunnu | 42054 | Thiurvananthapuram | GO(Rt)363/2018/GEdn, dated,22/01/2018 | 24 |
| 21 | GMHSS, Venganur | 44050 | Thiurvananthapuram | | 6 |
| 22 | GHSS, Kottayi | 21016 | Palakkad | GO(Rt)363/2018/GEdn, dated,22/01/2018 | 14 |
| 23 | GHSS, Pattambi | 20016 | Palakkad | | 23 |
| 24 | GOHS, Edathanattukara | 21096 | Palakkad | | 10 |
| 25 | GHSS Pazhayannur | 24028 | Thrissur | GO(Rt)5050/2017/GEdn dated,29/12/2017 | 16 |
| 26 | GVHSS Thiruvilwamala | 24031 | Thrissur | GO(Rt)5001/2017/GEdn dated,25/12/2017 | 10 |
| 27 | Thrikkur Panchayath Sarvodaya HSS | 22067 | Thrissur | | 33 |
| 28 | CPNS GHSS Mathamangalam | 13094 | Kannur | GO(Rt)5050/2017/GEdn dated, 29/12/2017 | 23 |
| 29 | GHSS Cherukunnu | 13029 | Kannur | GO(Rt)363/2018/GEdn, dated,22/01/2018 | 11 |
| 30 | Koyilandy GGHSS | 16047 | Calicut | GO(Rt)5001/2017/GEdn dated,25/12/2017 | 4 |
| 31 | Payyoli GVHSS | 16055 | Calicut | | 9 |
| 32 | GHSS Atholi | 16057 | Calicut | | 16 |
| 33 | GGHSS Balussery | 47028 | Calicut | GO(Rt)363/2018/GEdn, dated,22/01/2018 | 2 |

| | | | | | |
|---|---|---|---|---|---|
| 34 | GVHSS Cheruvannur | 17093 | Calicut | GO(Rt)5050/2017/GEdn dated,29/12/2017 | 8 |
| 35 | GHSS Kokkallur | 47050 | Calicut | | 12 |
| 36 | GHS, Cheruvadi | 47116 | Calicut | GO(Rt)5050/2017/GEdn dated,29/12/2017 | 21 |
| 37 | Kallachi GHSS | 16040 | Calicut | | 17 |
| 38 | GVHSS Madapalli | 16011 | Calicut | GO(Rt)5001/2017/GEdn dated,25/12/2017 | 11 |
| 39 | Madappalli GGHSS | 16012 | Calicut | | 12 |
| 40 | Vazhakkad GHSS | 18004 | Calicut | GO(Rt)5001/2017/GEdn dated,25/12/2017 | 1 |
| 41 | Government High School Chaliyapuram | 18368 | Malappuram | | 30 |
| 42 | GHSS, Kottappuram | 18072 | Malappuram | GO(Rt)5050/2017/GEdn dated,29/12/2017 | 19 |
| 43 | GHSS, Karakunnu | 18026 | Malappuram | GO(Rt)363/2018/GEdn, dated,22/01/2018 | 8 |
| 44 | GVHSS, Nellikoth | 18028 | Malappuram | | 20 |
| 45 | GHSS, Edakkara | 48100 | Malappuram | GO(Rt)5050/2017/GEdn dated,29/12/2017 | 6 |
| 46 | GHSS, Moothedeth | 48077 | Malappuram | | 10 |
| 47 | GGHSS Achuthan Girls, Chalappuram | 17017 | Calicut | GO(Rt)5001/2017/GEdn dated,25/12/2017 | 19 |
| 48 | GVHSS Payyanakkal | 17004 | Calicut | | 20 |
| 49 | GHSS Kuttikkattoor | 17054 | Calicut | | 29 |
| 50 | GHSS Kavilampara | 16083 | Calicut | GO(Rt)5050/2017/GEdn dated,29/12/2017 | 25 |